**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1261** **27-07-2021 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത വകുപ്പിലെ വിശേഷാൽ ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിങ് ആൻഡ് ഡോക്ക്‌റിപ്പയർ വിഭാഗം ജീവനക്കാരുടെ വിശേഷാൽ ചട്ടം [ജി.ഒ (പി) നം. 2925/01/2004/ ട്രാൻസ് തീയതി 15/07/2007] ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യ തീയതി 18/8/1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു.ആന്റ്.റ്റി. തീയതി 29/12/1988 എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിരുന്നു. ടി കരട് ചട്ടങ്ങളിന്മേൽ കമ്മീഷൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിശദാംശം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ ? | (ബി) | സംസ്ഥാന ജലഗതാഗത വകുപ്പിലെ ഓപ്പറേറ്റിംഗ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ 151/75/പി.ഡബ്ല്യ തീയതി 18/8/1975, റിപ്പയർ ആന്റ് മെയിന്റനൻസ് വിഭാഗത്തിന്റെ വിശേഷാൽ ചട്ടം ജി.ഒ.(പി) നമ്പർ.81/88/പി.ഡബ്ല്യു.ആന്റ്.റ്റി. തീയതി 29/12/1988 എന്നിവയാണ്. ആയത് ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിശേഷാൽ ചട്ടങ്ങൾ മറികടന്നുകൊണ്ട് സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവ്വീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനായുള്ള വിജ്ഞാപനത്തിന്റെ കരട് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിന് കൈമാറിയിരുന്നു. ടി കരട് ചട്ടങ്ങളിന്മേൽ കമ്മീഷൻ സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിശദാംശം ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ